ലക്കം 9

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## ബാബേലിൽ നിന്നും പെന്തെക്കോസ്തിലേക്ക് അഥവാ "അന്യഭാഷകൾ"

"അപ്പോൾ യഹോവ: ഇതാ, ജനം ഒന്ന്, അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്, ഇതും അവർചെയ്തു തുടങ്ങുന്നു. അവർ ചെയ്യുവാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല...... വരുവീൻ നാം ഇറങ്ങിച്ചെന്ന്, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളയുക. എന്നരുളിച്ചെയ്തു...(ഉല്പത്തി.11:6–9)

നോഹയുടെ കാലത്തെ മഹാജലപ്രളയത്തിനുശേഷം, ജനം ദൈവത്തിന്റെ ദൃഷ്ടിയിൽ വീണ്ടും വഷളത്വം പ്രവർത്തിച്ചു. "ബാബേൽഗോപുരം" എന്നറിയപ്പെടുന്ന വാനോളം ഉയരമുള്ള വലിയ ഒരു ഗോപുരം പണിയത്തക്കവണ്ണം അവരുടെ നിഗളവും ഉന്നതഭാവും ഉയർന്നുവന്നു. ഒരു പൊതുവായ ഭാഷയുടെ അഭാവത്താൽ, ഐക്യതയില്ലാതെ ജനം ഭൂതലം മുഴുവനും ചിതറിപോകുകയും ചെയ്തു. ലോകത്തിലുള്ള വ്യത്യസ്തഭാഷകൾ ഉടലെടുക്കുവാനുള്ള പ്രധാന ഉത്ഭവം ഇതായിരുന്നു.

രണ്ടായിരം വർഷങ്ങൾക്ക് ശേഷം പെന്തെക്കോസ്തുനാളിൽ, 120 പേരടങ്ങുന്ന ഒരു സംഘം പിതാവായ ദൈവത്തിന്റെ വാഗ്ദത്തത്തിനായി യെരുശലേമിലെ മാളിക മുറിയിൽ ഒരുമിച്ച് കൂടിയിരുന്നപ്പോൾ പെട്ടെന്ന് ആകാശത്തുനിന്നും ഒരു കൊടിയ കാറ്റടിക്കുന്നതു പോലുള്ള ഒരു വലിയമുഴക്കം ഉണ്ടാകുകയും ചെയ്തു... അവിടെ കൂടിയിരുന്നവരെല്ലാവരും പരിശുദ്ധത്മാവിൽ നിറഞ്ഞവരായി, ആത്മാവ് അവർക്ക് ഉച്ചരിക്കാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.(അപ്പൊ.2: 2 –4)



*ബാബേലിൽ ഭാഷകൾ ജനത്തെ വിഭാഗിച്ചു. എന്നാൽ പെന്തെക്കോസ്തുനാളിൽ ഭാഷകളുടെ അത്ഭുതവരത്താൽ ജനം ഒന്നായിത്തിരുകയും സുവിശേഷ സത്യങ്ങൾ ഗ്രഹിക്കുവാനും കഴിഞ്ഞു.*

യഹൂദന്മാർ ഉൾപ്പെടെ ആകാശത്തിനുകീഴിലുള്ള സകലഭാഷക്കാരും അവിടെ ഒരുമിച്ച് കൂടിയിരുന്നു പ്രസ്തുത പ്രതിഭാസത്തിന് സാക്ഷ്യം വഹിക്കുവാനിടയായി.

അവിടെ നടന്നത് എല്ലാവർക്കും ഒരുപോലെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ചിലർക്ക് ശിഷ്യരിൽ ചിലർ മദ്യപിച്ചതായുള്ള സംശയംപോലും ആരോപിച്ചു. ദൈവം തന്റെ ആത്മാവിനെ, ക്രിസ്തുവിനെ വിശ്വസിച്ച വിശ്വാസ സമൂഹത്തിലേയ്ക്ക് പകരുകയും അവർ "അന്യഭാഷകളിൽ" സുവിശേഷത്തിന് സാക്ഷികളായി ത്തീരുകയും ചെയ്തു.

ആത്മീയ ലോകത്ത് അധികമായി ചർച്ചചെയ്യപ്പെടുന്നതാണ് പെന്തക്കോസ്തുനാളിലെ "അന്യഭാഷ ഭാഷണം." എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്? ശിഷ്യന്മാർ എന്തായിരുന്നു സംസാരിച്ചത്? അന്യഭാഷയെന്നത് സ്വർഗ്ഗീയഭാഷയാണോ? ആത്മീയമായതോ, ദൂതൻമാരുടെ ഭാഷയോ ആണോ? ഭാഷാവരം നിർവ്വചിക്കുവാൻ ഒരു വേദശാസ്ത്രജ്ഞനോ വ്യക്തിപരമായ വൈകാരികതയ്ക്കോ സ്ഥാനമില്ല.

ആത്മശക്തിയുടെ മുഴക്കവും ശബ്ദവും കേട്ടുകൊണ്ട്, ജനക്കൂട്ടം കൂടിവന്നപ്പോൾ അവർ, തങ്ങളുടെ സ്വന്തം ഭാഷയിൽ സംസാരിക്കുന്നത് കേട്ട് ആശ്ചര്യപ്പെട്ടു. (അപ്പൊ; 2:6) പ്രസ്തുത വിവരണം വളരെ ലളിതമാണ് വ്യക്തവുമാണ്. ഈ ശിഷ്യന്മാർ സംസാരിച്ചത്


പത്രാധിപലേഖനം
പേജ് 3
ഗ്രീക്ക് ഭാഷയിൽ നിന്നും
പേജ് 4

അന്യഭാഷകളിൽ സംസാരിക്കുന്നു
പേജ് 5 - 7

പ്രാർത്ഥനയുടെ ഭാഷ
പേജ് 8 - 9

1 കൊരി. 14
പേജ് 10 - 11
ചോദ്യവും - ഉത്തരവും
പേജ് 11

നിങ്ങൾക്കറിയാമോ?
തക്കസമയത്ത് പറഞ്ഞ വാക്ക്
പേജ് 12

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ബുദ്ധിഹീനമായ ജൽപ്പനമോ, ദൂതന്മാരുടെ ഭാഷയോ ആയിരുന്നില്ല. ഈ സംസാരിക്കുന്ന മനുഷ്യരെല്ലാവരും ഗലീലക്കാർ (ബഹുഭൂരിപക്ഷം പേരും വിദ്യാഭ്യാസമില്ലാത്ത മുക്കുവരും ആയിരുന്നു.) അവിടെ കൂടി വന്നിരുന്ന പന്ത്രണ്ടിലധികം ഭാഷക്കാരുടെ സ്വന്തംഭാഷയത്രെ സംസാരിച്ചത്. (അപ്പോ: 2:8)ഏഷ്യയിൽനിന്നും ആഫ്രിക്കമുതൽ റോം വരെ (അപ്പോ: 2:9)യുള്ള ജനങ്ങൾ അതിശയിച്ചുപോയി.

ശിഷ്യന്മാർ പഠിച്ച് സംസാരിച്ചതായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപൊലെ വൈദേശികരായ മറ്റുള്ള ജനത്തിന്റെ ഭാഷ ഇവർ അനായാസം സംസാരിച്ചു. ദൈവപുത്രനായ ക്രിസ്തു ജീവനുള്ള ദൈവമെന്ന വസ്തുതയാണവർ പ്രസംഗിക്കുകയും പ്രവചിക്കുകയും ചെയ്തത്. "ദൈവത്തിന്റെ വൻകാര്യങ്ങൾ അവർ നമ്മുടെ സ്വന്തംഭാഷയിൽ സംസാരിക്കുന്നത് നാം കേട്ടിരിക്കുന്നു". (അപ്പോ : 2:11b) പ്രസ്തുത വരം സംസാരിക്കുന്നവർക്കായിരുന്നു നൽകപ്പെട്ടത്, സംസാരിക്കുന്നവർക്കായിരുന്നില്ല. ഉദാഹരണമായി: പത്രോസിന് ഏഷ്യൻരാജ്യങ്ങളിലുള്ള ഒരുഭാഷയിൽ സംസാരിക്കണമായിരുന്നു. അതേസമയം, യോഹന്നാന് അറേബ്യൻരാജ്യത്തിലുള്ളവരുമായി സംസാരിക്കണമായിരുന്നു.

പലരും പലവിധഭാഷകൾ സംസാരിച്ചതിനാൽ ബാബേലിൽ ജനം വിഭജിക്കപ്പെട്ടു. എന്നാൽ പെന്തെക്കോസ്തുനാളിൽ, ദൈവീകഭാഷാവരത്താൽ ജനം വ്യത്യസ്തഭാഷകളിൽ ക്രിസ്തുവിന്റെ ഐക്യതയുടെ ദൂത് കേട്ട് അവർ ഒന്നായിത്തീർന്നു.

അന്യഭാഷക്കാർക്ക്, തങ്ങളുടെ സ്വന്തം ഭാഷയിലൂടെ പരിശുദ്ധാത്മാവ് മുഖാന്തരം യേശുവിനെ സാക്ഷീകരിക്കുവാൻ ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ ദൈവത്തെ ഞാൻ സ്തുതിക്കുന്നു. ബാബേലിൽ നിന്നും പെന്തെക്കോസ്തിലേയ്ക്കും, വിഭജനത്തിൽ നിന്നും ഐക്യതയിലേക്കും ആശയക്കുഴപ്പത്തിൽ നിന്നും വ്യക്തതയിലേക്കും പാപത്തിൽനിന്നും രക്ഷയിലേയ്ക്കും ദൈവം നമ്മേ നയിക്കട്ടെ.

MWS


### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.


### ബന്ധപ്പെടുക


ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

*പത്രോസ്, പരിശുദ്ധാത്മാവ് നിറഞ്ഞവനായി അവരോട് പറഞ്ഞത്: (അപ്പോ; 4:8)*

പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ പത്രോസ്, മറിഞ്ഞ് വീണില്ല, കുലുങ്ങിയില്ല, ആവേശഭരിതനാകുകയോ അവ്യക്തമായി ചിലക്കുകയോ ചെയ്തില്ല. എന്നാൽ അവൻ പുനരുത്ഥാനം ചെയ്ത യേശുവിലുള്ള വിശ്വാസത്താൽ വ്യക്തമായും അതേ സമയം തികഞ്ഞ പ്രാഗത്ഭ്യത്തോടുകൂടി സംസാരിക്കുകയത്രെ ചെയ്തത്. ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ നമ്മെ സാധ്യമാക്കും വിധം നമ്മെ ശക്തിപ്പെടുത്തന്നതാണീ പരിശുദ്ധാത്മ സ്നാനം എന്ന അതിശയകരമായ അനുഗ്രഹം.

ഗോസ്പൽ ട്രൂത്തിന്റെ ഇത്തവണത്തെ എന്റെ പ്രതിപാദ്യ വിഷയം അന്യഭാഷാ ഭാഷണം എന്നതാണ്. വളരെ വിശ്രുതവും വളരെ പ്രാധാന്യതയുമുള്ള വിഷയമായതിനാൽ ഞാൻ ഇതു കൂടുതൽ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു. പെന്തക്കോസ്തു നാളിൽ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചതിനെക്കുറിച്ച് ബൈബിളിൽ വ്യക്തമായ വിശദീകരണം ഉണ്ട്. പ്രാപിച്ചിരുന്നതായ മുമ്പത്തെ കൃപാവരത്തെക്കുറിച്ചുള്ള പരാമർശമല്ല പ്രത്യുത ജ്ഞാനത്തോടുകൂടി അവർ വചനം പ്രസംഗിക്കുവാൻ പ്രാപ്തരായിത്തീർന്നു. പ്രസ്തുത കൃപാവരപ്പകർച്ച ദുർഗ്രാഹ്യമായുള്ള സ്വർഗ്ഗീയ ഭാഷയിൽ സംസാരിക്കുകയും അല്ലെങ്കിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണെന്ന് ധരിപ്പിച്ച് അനേക ലക്ഷക്കണക്കിന് ജനങ്ങളെയും സാത്താൻ വഞ്ചിച്ചു.

ഗ്രഹിക്കുവാൻ പ്രയാസമേറിയ പ്രസംഗങ്ങളും മറ്റും പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ ഇടയിൽ മാത്രമല്ല, മിക്ക ക്രൈസ്തവ സംഘടനകളിലും എല്ലാവിധ മതവിഭാഗങ്ങളുടെ ഇടയിലും നിലനിൽക്കുന്ന ഒന്നാണ്. യാതൊരുവിധ ഭയമോ സങ്കോചമോയില്ലാതെ ഞാൻ ഒന്നു വ്യക്തമാക്കട്ടെ, ഇത്തരത്തിലുള്ള വെളിവില്ലാത്ത ഭാഷാഭാഷണം പരിശുദ്ധാത്മാവിലുള്ളതല്ല. ക്രിസ്തുവിൽ പ്രകടമായതിൽ നിന്നും, തന്റെ വചനത്തിൽ നിന്നും തികച്ചും ഘടകവിരുദ്ധമായ ഉപദേശവും ആത്മാവുമാണത്. ഇപ്രകാരം ഞാൻ പറയുന്നത് കേട്ടാൽ ഇതു പരിശുദ്ധാത്മാവിനു നേരെയുള്ള ദൂഷണമാണെന്ന് ചിലർ ആരോപിച്ചേക്കാം, പലവിധ ആരോപണങ്ങൾക്ക് വിധേയനാണ് ഞാനെങ്കിലും എന്റെ നിലനിൽപ്പ് ദൈവവചന വെളിച്ചത്തിലും വ്യക്തിപരമായുള്ള സത്യത്തിന്റെ വെളിപ്പാടിലുമത്രെ.

വെളിവും തെളിവും ഇല്ലാത്ത ഇത്തരം ഭാഷഭാഷണം അമേരിക്കയിൽമാത്രമല്ല മറ്റു രാജ്യങ്ങളിലുട നീളം ഞാൻ അഭിമുഖീകരിച്ചിട്ടുണ്ട്. പലവിധ സംഘടനകളും തങ്ങളുടെ ഉപദേഷ്ടാക്കന്മാരും ഇത്തരം ഉപദേശങ്ങളെക്കാൾ പ്രാധാന്യം മറ്റൊന്നിലും കൊടുക്കുന്നില്ല. യേശു തന്റെ പ്രാർത്ഥനയിൽ പരാമർശിച്ചിട്ടുള്ള ഉദാഹരണം താഴെകൊടുത്തിട്ടുള്ളത് ഒഴിവാക്കികൊണ്ട് എനിക്കിത് വിശദീകരിപ്പാനാവില്ല.

ഒട്ടുമിക്ക സഭാസംഘടനകളും ഈ വിഷയത്തിൽ ഒരു പൊതുവായ സമീപനമാണ് പുലർത്തുന്നത്, മൃദുസമീപനം ഒരാൾ സ്വീകരിക്കുമ്പോൾ ദുരുപദേശത്തിനും ദൈവീകമല്ലാത്ത ആത്മാവിനും കൂടുതൽ വഴിതെളിക്കുകയാണ് ചെയ്യുന്നത്. വഞ്ചിക്കുകയെന്ന ഉദ്ദേശത്തോടുകൂടി പിശാചിൽ നിന്നുമുള്ള വൈകാരികവും പ്രാപഞ്ചികവും യഥാർത്ഥ ദുരാത്മാക്കളും ആകുന്നു.

ജാതീയ മര്യാദകളുമായി ബന്ധപ്പെട്ടുള്ള ഇത്തരം ഭാഷാഭാഷണം പെന്തെക്കോസ്തു സഭാവിഭാഗങ്ങൾ പരിശുദ്ധാത്മാവിന്റെ വെളിപ്പെടലായി തെറ്റിദ്ധരിക്കുന്നു. മിക്കവരും പാപത്തിൽ ജനിക്കുന്നവരാണെങ്കിലും അവർ ആത്മീയ പരിവേഷത്തിലാണ് ഇത്തരം അനുഭവത്തിൽ ജീവിക്കുന്നത്.

ഇന്നത്തെ ആത്മീയ ഗോളത്തിലെ ഏറ്റവും വലിയ ശത്രുവിന്റെ വഞ്ചനയാണിതെന്നും ഞാൻ കരുതുന്നു. ശത്രുവിനെതിരെ ജാഗ്രതയോടെ പ്രാർത്ഥനയിൽ ഉണർന്നിരിക്കാം. ഇത്തരക്കാരുടെ കുരുട്ടു കണ്ണുകൾ തുറക്കപ്പെടേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

**മൈക്കിൾ ഡബ്ല്യൂ സ്മിത്ത്.**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org



# ഗ്രീക്ക് ഭാഷയിൽ നിന്നും

**ഡിയാലക്ടോസ്.** (ഡി-എൽ-എക്-ട്ടോസ്)

സ്ട്രോങ്ങ്സ് ഗ്രീക്ക്നിഘണ്ടു: ആശയവിനിമയം, അതായത് 'ഭാഷാഭേദം' ഭാഷ,നാവ്

**ഗ്ലോസ്സാ**- (ഗ്ലോസ്സ്- അ)- നാവ് അഥവാ ഭാഷയെന്നതിന്റെ ഗ്രീക്ക് പദം.

***തായേഴ്സ് ഗ്രീക്ക്മൂലഭാഷ*** - ഗ്ലോസ്സാ (1) നാവ്, സംസാരിക്കുവാനുള്ള ശരീരത്തിലെ ഒരു അവയവം

(2). ഒരു ഭാഷ: ഒരു രാജ്യത്തിലുള്ള ജനവിഭാഗം അവരുടെ ആശയവിനിമയത്തിന് മറ്റുള്ള രാജ്യങ്ങളിൽ നിന്നു വിഭിന്നമായി ഉപയോഗിക്കുന്നഭാഷ (പ്രാദേശിക ഭാഷ)

**ഇത്തരത്തിലുള്ള ഒരു വിശദീകരണത്തിന്റെ പ്രധാന ഉദ്ദേശ്യം എന്നു പറയുന്നത്, ഗ്ലോസ്സലേലിയ എന്ന പദം പ്രധാനമായും ഉപയോഗിക്കുന്നത്, ഒരുഭാഷയും നിലവില്ലാത്തപ്പോഴും മനുഷ്യർ അർത്ഥം ഗ്രഹിക്കാതെ ഉച്ചരിക്കുന്ന ശബ്ദങ്ങളെക്കുറിക്കുവാനാണ്. (ദുർഗ്രഹമായ സംസാരം).**

**ഗ്ലോസ്സോലേലിയ.** (ഗ്ലോസ്-ഉ-ലേ- ലീ- യ്യാ) രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നുമാണിതുണ്ടായിട്ടുള്ളത്. (ഗ്ലോസ്സോ ഭാഷ, വാക്ക് എന്നർത്ഥവും. ലാല്ലിയാ എന്നാൽ (സംസാരം, പ്രസംഗം എന്നൊക്കെ അർത്ഥം.) വിദേശഭാഷാഭാഷണം എന്നാണ് ശരിയായ അർത്ഥം. എന്നാൽ ഇന്നത്തെ വേദശാസ്ത്രജ്ഞന്മാർ ഇത് സ്വർഗ്ഗീയമായതോ ആത്മീയഭാഷയായോ വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നു. ആധുനിക ഭാഷ പ്രസ്ഥാനത്തിന്റെ വികാരത്തിമിർപ്പുള്ള ഉച്ചാരണമാണിത്.

*മെരിയം വെബ്സെന്റർ നിഘണ്ടു* പ്രകാരം വികാരപരമായും അർത്ഥശൂന്യമായതും കേൾവിക്കാരന് മനസ്സിലാകുന്നതുമായി സംസാരത്തിനുപയോഗിക്കുന്ന വാക്ക് എന്നർത്ഥത്തിലാണ്.

**സെനോഗ്ലോസ്സിയാ:** സെനൊ(വിദേശി) ഗ്ലോസ്സാ എന്നീ രണ്ടു ഗ്രീക്കുവാക്കുകളിൽ നിന്നു ഇത് ഉരുത്തിരിഞ്ഞു. ഒരു വ്യക്തി ഒരിക്കലും പഠിച്ചിട്ടില്ലാത്ത വിദേശഭാഷ സംസാരിക്കുന്ന അവസരത്തിലാണ് ഈ വാക്കുപയോഗിക്കുന്നത്.എന്നാൽ ആ ഭാഷ അറിയാവുന്ന വ്യക്തിക്ക് ഗ്രഹിക്കാൻ കഴിയുന്നു. അതു ബുദ്ധിപരമായ സംസാരമത്രേ.

യഥാർത്ഥ ഗ്രീക്ക് ഭാഷയിലുള്ള 'അന്യഭാഷ' എന്ന വാക്കിന് കൊടുത്തിട്ടുള്ള നിർവ്വചനം ഗ്രഹിക്കുന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. മിക്ക ദുരുപദേശങ്ങളും ഉടലെടുക്കുന്നത് വികലമായ ബൈബിൾ ഭാഷാനന്തരംമൂലമുള്ള തെറ്റിദ്ധാരണകളുടെയും അതുപോലെ തന്നെ പശ്ചാത്തലത്തിൽ നിന്നും ബൈബിൾ സത്യങ്ങളെ അടർത്തിയെടുത്തുള്ള ഉപദേശ ശൈലിയുടെ അതിപ്രസരണം മൂലമാണ്.

അപ്പോസ്തല പ്രവർത്തിയിലും കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലും പ്രതിപാദിച്ചിട്ടുള്ള അന്യഭാഷയെന്നത് സുഗ്രാഹ്യമായ ഭാഷയെന്ന ർത്ഥത്തിലാണ്. ആർക്കും മനസ്സിലാകാത്ത ഭാഷ ആയിരുന്നില്ല അത്.

പെന്തെക്കോസ്തുനാളിൽ ഭൂമിയിലുള്ളതും എന്നാൽ വിദേശഭാഷയായതുമായ ഭാഷകളിലാണവർ സംസാരിച്ചത്. സെനൊഗ്ലോസിയായിൽ ഞാൻ വിശദീകരിച്ചതാണ് അവിടെ നടന്നിട്ടുള്ളത്. അന്യഭാഷയെന്നവാക്ക് തിരുവെഴുത്തിലും അതിന്റെ മൂലഭാഷയിലും വിശദമാക്കിയിട്ടുള്ളത് യഥാർത്ഥത്തിൽ സുഗ്രഹ്യമായതാണ്.

(അപ്പൊ: 2:4 പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി അവർ അന്യഭാഷകളിൽ സംസാരിപ്പാൻ തുടങ്ങി.

അപ്പൊ:2:6... അവർ അവരുടെ സ്വന്തം ഭാഷകളിൽ സംസാരിക്കുന്നതായി അവർകേട്ടു.

അപ്പൊ : 2:8 നാം ജനിച്ച നമ്മുടെ സ്വന്തം ഭാഷകളിൽ ഇവർ സംസാരിക്കുന്നതെങ്ങനെ? എന്നവർ ആശ്ചര്യപ്പെട്ടു.

അപ്പൊ. 2:11 ദൈവത്തിന്റെ വൻ കാര്യങ്ങൾ അവർ നമ്മുടെ ഭാഷയിൽ സംസാരിക്കുന്നതായി കേട്ടു.

പെന്തെക്കോസ്തു നാളിലെ അന്യഭാഷാഭാഷണം തിരുവെഴുത്ത് ശരിയായി പഠിച്ചാൽ വ്യക്തമാകും. വരം എന്നതുകൊണ്ടുദ്ദേശിക്കുന്നത് 'ഭാഷകളുടെ' അപേക്ഷയാണ്. അത് ഇന്ന് നാം ലോകത്തുകാണുന്ന വികാര പ്രതിഭാസമല്ല. അപ്പൊസ്തല പ്രവർത്തിയിൽ നാം കാണുന്ന ഭാഷാഭാഷണം വിശുദ്ധമാണ് ദൈവത്താൽ നൽകപ്പെട്ടതാണ്.

# അന്യഭാഷകളിൽ സംസാരിക്കുന്നു

**നമ്മുടെ മാർഗ്ഗദർശകഗ്രന്ഥം ബൈബിൾ**

ഹർഷോന്മാദത്താൽ “അന്യഭാഷയിൽ സംസാരിക്കുക” പ്രാർത്ഥിക്കുക മുതലായ പ്രതിഭാസങ്ങൾ ലോകത്തിൽ ക്രിസ്ത്യാനികളിലും അക്രൈസ്തവരിലും പ്രചാരത്തിലിരിക്കുന്ന പ്രതിഭാസമാണ്. ക്രിസ്തീയ പ്രസ്ഥാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ നാമത്തിൽ ഇത് വളരെ വേഗത്തിൽ വ്യാപിക്കുന്നു. അഭിപ്രായങ്ങൾ, പ്രകൃതിയുടെ വെളിപ്പെടുത്തലുകൾ, ഉപദേശങ്ങൾ എന്നിവ പരിഗണിക്കാതെ എല്ലാ കീഴ്വഴക്കങ്ങൾക്കും മാർഗ്ഗദർശകഗ്രന്ഥം ബൈബിൾ ആണ് എന്ന് ഉറപ്പുവരുത്തേണ്ടത് ഏറ്റവും പ്രധാനമാണ്. “എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തികൾക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു” (2 തിമൊഥെയൊസ് 3:16)

**തെറ്റായ പഠിപ്പിക്കലുകൾ സൂക്ഷിക്കുക**

യേശു, സഭയ്ക്ക് താഴെപ്പറയുന്ന മുന്നറിയിപ്പ് നല്കി. “കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.” (മത്തായി 24:24) സാത്താൻ ദുഷ്ടതയുടെ രൂപത്തിൽ മാത്രമല്ല പ്രത്യക്ഷമാകുക, പ്രത്യുത അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന വെളിച്ചദൂതന്റെ രൂപത്തിലുമാകാം. സത്യം മുറുകെ പിടിച്ച് തെറ്റായത് എല്ലാം തള്ളിക്കളയേണ്ടത് പ്രധാനം തന്നെ. ഭൂമുഖത്ത് വീശിക്കൊണ്ടിരിക്കുന്ന ഗ്ലോസ്സോലേലിയായുടെ (അന്യഭാഷ) ഉപദേശത്തിൽ അനേകർ വഞ്ചിക്കപ്പെടുന്നുണ്ട്. അത് പരിശീലിക്കുന്നവർ ശരിയായ ആത്മീയ സംരക്ഷണം അതാണ് എന്ന മിഥ്യാധാരണയിൽ യഥാർത്ഥമായ ആത്മീയ അനുഭവത്തിന്റെയും, വിശുദ്ധിയുടെയും അടിത്തറ മാന്തിക്കളയുന്നു. ആധുനിക അന്യഭാഷാ സംസാരം പരിശുദ്ധാത്മാവിന്റെ ഫലത്താൽ സംസാരിക്കുന്നതിനു പകരം തെറ്റായ അനുകരണംമാത്രമാണ്.ഓരോദൈവപൈതലും “അന്യഭാഷയുടെ” സത്യം മനസ്സിലാക്കി ആ വിഷയത്തിൽ ഇന്നുള്ള മിഥ്യാധാരണയും അതിന്റെ പഠിപ്പിക്കലുകളെക്കുറിച്ചും സൂക്ഷിച്ചിരിക്കേണ്ടതും പ്രധാനമാണ്.

**പുതിയ ഭാഷകളിൽ സംസാരിക്കുന്നത്.**

ലോകത്തിൽ എല്ലായിടത്തും പോയി സുവിശേഷം അറിയിക്കുവാൻ യേശു, ശിഷ്യന്മാർക്ക് കല്പന കൊടുത്തു. “വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ (Glossa) സംസാരിക്കും....” (മർക്കോസ് 16:17). ഈ ഒരു വാക്യം മാത്രമാണ് അന്യഭാഷ സംസാരിക്കുന്നത് ഒരു വരമായിട്ടും അടയാളമായിട്ടും സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് വളരെ ഭംഗിയായി പെന്തക്കൊസ്തുനാളിൽ അപ്പൊസ്തലന്മാർ “പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ” (അ.പ്ര.2:4) “ഓരോരുത്തൻ താന്താന്റെ ഭാഷയിൽ (dialektos) അവർ സംസാരിക്കുന്നത് കേട്ടപ്പോൾ“ (അ.പ്ര.2:6) നിവർത്തി ആയി. അന്ന് ശിഷ്യന്മാർ “പുതിയ” അഥവാ “മറുഭാഷയിൽ” സംസാരിച്ചു. അവർ സംസാരിച്ച ഭാഷകൾ അവർ പഠിക്കാത്തത് ആയിരുന്നതിനാൽ പരിശുദ്ധാത്മാവ് അവ സംസാരിക്കുവാനുള്ള വരവും ശക്തിയും അവർക്ക് നല്കി.



**പെന്തക്കോസ്തുനാളിലെ അനുഭവം**

*ശിഷ്യന്മാർ സംസാരിച്ചത് വ്യക്തവും മനസ്സിലാകുന്നതുമായ വിദേശഭാഷ ആയിരുന്നു.*

ശിഷ്യന്മാർ വെറുതെ പുലമ്പുകയോ ബുദ്ധിഭ്രമമായി സംസാരിക്കുകയോ, അല്ലായിരുന്നു.അവർ സംസാരിച്ചത് വിവിധവും വ്യക്തവുമായ ഭാഷകൾ ആയിരുന്നു. യിസ്രായേലിന് പുറത്ത് വിവിധഭാഷ സംസാരിക്കുന്നവരോട് ആത്മാവിനാൽ ദൈവത്തിന്റെ അരുളപ്പാടുകളെ അറിയിക്കുന്ന ശുശ്രൂഷയുടെ തുടക്കം ആയിരുന്നു അത്.

ഇന്ന് അനേകം ആളുകൾ പരിശുദ്ധാത്മ സ്നാനത്താൽ പെന്തക്കൊസ്തു നാളിലെ അനുഭവം പോലെ അന്യഭാഷകൾ സംസാരിക്കുന്നതായി സാക്ഷ്യം പറയുന്നു. ഇത് ശരിയാണെങ്കിൽ പൊരുത്തപ്പെടാത്ത പുലമ്പലുകൾ സഭയിൽ നിറയ്ക്കുന്നതിനു പകരം ദൈവശക്തിയെ സാക്ഷ്യപ്പെടുത്തുന്ന ദൈവീക ആലോചനകൾ മാനുഷിക ഭാഷയിൽ സംസാരിക്കും.

**ഭാഷാവരം.**

പൗലോസ് അപ്പൊസ്തലൻ പരിശുദ്ധാത്മാവിന്റെ വിവിധ വരങ്ങളെക്കുറിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. “എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്.” (1 കൊരിന്ത്യർ 12:4). പരിശുദ്ധാത്മാവ് എല്ലാവർക്കും ഒരേ വരമല്ല കൊടുക്കുക. “ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു. വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം , മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തിയുടെ വരം, മറ്റൊരുവന് വീര്യ പ്രവർത്തികൾ, മറ്റൊരുവന് പ്രവചനം, മറ്റൊരുവന് ആത്മാക്കളുടെ വിവേചനം, വേറൊരുവന് വിവിധ ഭാഷകൾ (Glossa), മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുന്നതുപോലെ അവനവന് അതത് വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ.” (1 കൊരിന്ത്യർ 12: 8– 11).

ദൈവം ആത്മീയ വരങ്ങളെ നൽകുന്നത് ക്രിസ്തുവിന്റെ ശരീരത്തിനും ദൈവരാജ്യത്തിനും പ്രയോജനം ഉണ്ടാകണം എന്ന് കണ്ടുകൊണ്ടാണ്. ഭാഷാവരം പെന്തക്കൊസ്തു നാളിലേതുപോലെ തന്നെ, പഠിക്കാത്ത ഭാഷയിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കേൾവിക്കാരുടെ മാതൃഭാഷയിൽ സുവിശേഷം അറിയിക്കാനുള്ള കഴിവാണ്. 1 കൊരിന്ത്യരിൽ Glossa (ഭാഷ) എന്ന അതേ വാക്കാണ് അപ്പോസ്തല പ്രവർത്തികൾ 2–ാം അദ്ധ്യായത്തിലും ഉള്ളത്. അത് അവ്യക്തമായോ മനുഷ്യർക്ക് അപരിചിതമായഭാഷ പുലമ്പുന്നതോ അല്ല. ഭാഷാവരം എന്നത് ‘ഗ്ലോസ്സോലാലിയ’ അല്ല, മറിച്ച് സെനോഗ്ലോസിയ (വിദേശ ഭാഷ) ആണ്.

**വ്യാഖ്യാന വരം**

സംസാരിക്കുന്നയാൾ തന്റെ മാതൃഭാഷയിൽ സംസാരിക്കുമ്പോൾ അത് കേൾവിക്കാരുടെ മാതൃഭാഷയിൽ പരിഭാഷപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് പ്രത്യേകമായി നൽകുന്ന വരമാണ് വ്യാഖ്യാനവരം. പെന്തക്കൊസ്തുനാളിൽ ശിഷ്യന്മാർ ഭാഷാവരത്താൽ അനുഗ്രഹിക്കപ്പെടാതെ ഇരുന്നിരുന്നു എങ്കിൽ അവർക്ക് അവരുടെ സന്ദേശം കേൾവിക്കാരുടെ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുവാൻ വ്യാഖ്യാന വരം ഉള്ളവരെ ആവശ്യമായി വരുമായിരുന്നു. സാധാരണ ജനങ്ങൾ ഹർഷോന്മാദത്താൽ പുലമ്പുമ്പോൾ വ്യാഖ്യാനവരം ഉള്ളവരെ അവർ ആവശ്യപ്പെടാറുണ്ട്. ഇത് ഭാഷാവരത്തിന്റെയും വ്യാഖ്യാനവരത്തിന്റെയും യാഥാർഥ്യത്തിൽ നിന്ന് വളരെ വിദൂരമാണ്. ഭാഷാവരം ഉണ്ടെങ്കിൽ എല്ലാവർക്കും അവരുടെ മാതൃഭാഷയിൽ മനസ്സിലാക്കുവാൻ കഴിയുന്നതിനാൽ അവിടെ വ്യാഖ്യാന വരത്തിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

ഭാഷാവരത്തെക്കുറിച്ച് അനേകരും അപൂർണ്ണമായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നതെങ്കിലും അവർ അത് കാംക്ഷിക്കുകയും മഹത്വമുള്ളതായി കാണുകയും ചെയ്യുന്നു. 1 കൊരിന്ത്യർ 12: 31ൽ ശ്രേഷ്ഠവരങ്ങളെ വാഞ്ഛിക്കുവിൻ! ഇനി അതി ശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം എന്ന് പൗലോസ് പറഞ്ഞു. അതിനുശേഷം പതിനാലാമത്തെ അദ്ധ്യായത്തിൽ അവൻ സ്നേഹത്തിന്റെ മൂല്യം തെളിക്കുന്നു. സ്നേഹത്തിന്റെ മൂല്യത്തിനായി ഭാഷാവരത്തിന് എന്നതുപോലെ ജനങ്ങൾ പ്രചോദിക്കപ്പെട്ടാൽ ഈ ലോകം തന്നെ മറ്റൊരു വ്യത്യസ്ത സ്ഥലമാകുമായിരുന്നു. എല്ലാവർക്കും ഒരേ വരം പരിശുദ്ധാത്മാവിൽ നിന്ന് പ്രാപിക്കുവാൻ സാദ്ധ്യമല്ലെങ്കിലും, എല്ലാവർക്കും പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ സാധിക്കും .

**ഭാഷാവരത്തിന് വചനത്തിലെ മാതൃക**

പെന്തക്കൊസ്തു നാളിലെ കൂടാതെ, രണ്ട് തവണ കൂടി പരിശുദ്ധാത്മാവ് ലഭിച്ചതിനാൽ അന്യഭാഷയിൽ സംസാരിച്ചതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെന്തക്കൊസ്തു നാളിനു ശേഷം ചില വർഷങ്ങൾ കഴിഞ്ഞ് പത്രോസ്, കൊർന്നല്യൊസിന്റെ ഭവനത്തിൽ ശുശ്രൂഷിച്ചപ്പോൾ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു. “അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രോസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ട് വിസ്മയിച്ചു.” (അ. പ്ര 10 : 45–46) പത്രോസ് പിന്നീട് സാക്ഷീകരിച്ചത് “പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലും വന്നു” (അ.പ്ര 11: 15). ഇതു പോലെ എഫസോസിൽ സ്നാപകയോഹന്നാന്റെ ശിഷ്യൻമാരും ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ അവരുടെ മേലും പരിശുദ്ധാത്മാവ് വന്ന് അവരും “അന്യഭാഷകളിൽ”

(Glossa) സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. (അ.പ്ര 19:6).

പരിശുദ്ധാത്മാവിനെ ജനങ്ങൾക്ക് നൽകിയത് പെന്തക്കൊസ്തുനാളിൽ മാത്രമല്ല, ഹൃദയം തുറന്നു ആത്മാവിൽ നിറയുവാൻ ആഗ്രഹിച്ച ഏല്ലാം വിശ്വാസികൾക്കും നൽകി. മുൻപ് രേഖപ്പെടുത്തിയ രണ്ട് ഉദാഹരണങ്ങളിലും ദൈവം പെന്തക്കോസ്തുനാളിലെപ്പോലെ അന്യഭാഷാവരം നൽകുകയും ചെയ്തു. വീണ്ടും അവർ പൊരുത്തപ്പെടാത്ത ശബ്ദമല്ല, കേൾവിക്കാരന്റെ ഭാഷകളിലാണ് സംസാരിച്ചത്. ഇതിന് വിപരീതമായത് എന്തും വചനത്തിൽ വ്യക്തമായി പറയുന്നതിനെ വികൃതമാക്കുന്നതാണ്. വിവിധ ഭാഷകളുടെ വരത്താൽ അവർ ക്രിസ്തുവിന്റെ ഉപദേശങ്ങളെ പ്രവചിക്കുകയോ പഠിപ്പിക്കുകയോ ചെയ്തു.

**എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്നില്ല**

ഗ്ലോസ്സോലേലിയ (അന്യഭാഷ) പരിപോഷിപ്പിക്കുന്ന അനേകം സഭകളും, അവ്യക്തമായഭാഷയിൽ സംസാരിക്കുന്നത് പരിശുദ്ധാത്മ നിറവിന്റെ അടയാളമായിട്ടാണ് പഠിപ്പിക്കുന്നത്. അത് അവർ, മനസ്സിലാക്കിയിരിക്കുന്നത് തെറ്റ് എന്ന് മാത്രമല്ല, എല്ലാവർക്കും ബൈബിൾ പറയുന്ന അന്യഭാഷയുടെ അനുഭവം ലഭിക്കുമെന്നതും തെറ്റാണ്. ദൈവം തന്റെ ഇഷ്ടപ്രകാരം ശരീരത്തിൽ വെവ്വേറെ അവയവങ്ങളും, പരിശുദ്ധാത്മാവിന്റെ വരങ്ങളും വിഭജിച്ച് നൽകിയിരിക്കുന്നു. 1 കൊരിന്ത്യർ 12:28-30 വാക്യങ്ങളിൽ പൗലോസ് ഇത്‌വ്യക്തമാക്കുവാൻ ചോദിക്കുന്നത് "എല്ലാവരും അപ്പോസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യ പ്രവർത്തികൾ ചെയ്യുന്നവരോ? "ഈ ചോദ്യങ്ങളുടെ വ്യക്തമായ ഉത്തരം "അല്ല" എന്നു തന്നെയാണ്. പൗലോസ് തുടർന്നും ചോദിക്കുന്നു "എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? അന്യഭാഷയിൽ സംസാരിക്കുന്നുവോ"? ഉത്തരം ഒന്നു തന്നെ. 'ഇല്ല'.

**അന്യഭാഷ (വിദേശഭാഷ) ഒരു വരം മാത്രം**

പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ 120 പേർ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അവരോടുകൂടെ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരിൽ പലരും അപ്പോൾ അന്യഭാഷയിൽ (വിദേശഭാഷ) സംസാരിച്ചില്ല. ദൈവവചനം കേട്ട ശമര്യക്കാർ രക്ഷിക്കപ്പെട്ടപ്പോൾ, പത്രോസും യോഹന്നാനും, അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടുന്നതിനായി പ്രാർത്ഥിച്ചു. (അ.പ്ര 8:14 -17), അവരും പൗലോസും പരിശുദ്ധാത്മാവിനെ ലഭിച്ചപ്പോൾ അന്യഭാഷയിൽ സംസാരിച്ചില്ല. ഏറ്റവും പ്രധാനം യേശുവിന്റെമേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ അന്യഭാഷയിൽ സംസാരിച്ചതേയില്ല. അന്യഭാഷയിൽ അഥവാ വിദേശഭാഷയിൽ സംസാരിക്കുവാനും ഒരിക്കലും കല്പിച്ചിട്ടില്ല എന്നുമാത്രമല്ല പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എല്ലാവരുമോ, യേശുവോ അത് ദൃഷ്ടാന്തമായി എടുത്തിട്ടില്ല. അന്യഭാഷ, അവിശ്വാസികൾക്ക് ആവശ്യമായ സമയത്ത് സുവിശേഷത്തിന്റെ വ്യാപനത്തിന് അടയാളമായ ആത്മാവിന്റെ ഒരു വരം മാത്രമാണ് (1 കൊരിന്ത്യർ 14:22)

**ആത്മാവിന്റെ അടയാളം വിശുദ്ധിയോടെ ജീവിക്കുവാനുള്ള ശക്തിയാണ്.**

പരിശുദ്ധാത്മാവിന്റെ അടയാളം വിശുദ്ധിയോടെ ജീവിക്കുവാനുള്ള ശക്തിയും ആത്മാവിന്റെ ഫലങ്ങളെ വഹിക്കുന്നതുമാണ്. (ഗലാത്ത്യർ 5: 22 23) ഈ ഫലങ്ങളാണ് ഒരുവ്യക്തിയുടെ ആത്മീയ ജീവിതത്തെ ശരിയായി വെളിപ്പെടുത്തുന്നത്. പൊരുത്തപ്പെടാത്ത ശബ്ദത്തിൽ പുലമ്പുന്ന ധാരാളം ആളുകൾ ഉണ്ട്. പരിശുദ്ധാത്മാവ് പ്രാപിച്ചതായി പറയുന്ന ഇവർ, പാപത്തിലും ദൈവവചനത്തെ നിഷേധിച്ചുകൊണ്ടുമാണ് ജീവിക്കുന്നത്. അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരല്ല എന്തെന്നാൽ പരിശുദ്ധാത്മാവ് വിശുദ്ധ സ്ഥലത്ത് മാത്രമേ വാസം ചെയ്യുകയുള്ളു.

"**അന്യഭാഷയിൽ അഥവാ വിദേശഭാഷയിൽ സംസാരിക്കുവാൻ ഒരിക്കലും കൽപ്പിച്ചിട്ടില്ല എന്നുമാത്രമല്ല പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എല്ലാവരുമോ യേശുവോ അത് ദൃഷ്ടാന്തമായി എടുത്തിട്ടില്ല.**

**ഉപസംഹാരം.**

അന്യഭാഷ ഏതെങ്കിലും മാനുഷിക ഭാഷ ആണെന്ന് തിരുവചനം, പെന്തക്കൊസ്തുനാളിലെ അനുഭവത്തിൽ നിന്നും വ്യക്തമായ മാതൃക നൽകുന്നു. അന്യഭാഷ പ്രസ്ഥാനം ദശലക്ഷക്കണക്കിന് ആളുകളെ അവർ അമാനുഷിക അനുഭവത്തിന്റെ ഉടമകൾ എന്നു ധരിപ്പിച്ച് ചേർത്ത് നിർത്തിയിട്ടുണ്ട്. ഈ അനുഭവം ഉള്ളവരും എന്നാൽ പാപത്തിൽ ജീവിക്കുകയും ചെയ്യുന്നവർ എന്തിന് യഥാർത്ഥ ബൈബിൾ അനുഭവം അന്വേഷിക്കണം? കരിസ്മാറ്റിക്ക് ജല്പനം പരിശുദ്ധാത്മാവിൽ നിന്നല്ല, അത് ദൈവത്തിനു വിപരീതമായ വഞ്ചനയുടെ ആത്മാവാണ്. വിശ്വാസപാതകത്തിന്റെ മാർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കേണ്ട ആവശ്യമില്ല. ആത്മാവിന്റെ നിറവ് ബാഹ്യമായ പ്രദർശനത്തിലല്ല കാണുന്നത് മറിച്ച് നീതിയും സമാധാനവും സന്തോഷവുമാണ്.

MWS

# പ്രാർത്ഥനയുടെ ഭാഷ

## "ദൂതന്മാരുടെ ഭാഷ"




ബുദ്ധിഹീനമായ ഭാഷഭാഷണത്തിന് മറ്റൊരു ഉപദേശ വ്യാഖ്യാനവും കൂടി കൈ വന്നിരിക്കുന്നു. അന്യഭാഷയിൽ പ്രാർത്ഥിക്കുകയെന്നും. ദൂതന്മാരുടെ ഭാഷയെന്നും പേർ പറയുന്നു. ചിലർ പരസ്യമായി പ്രയോഗിക്കുമ്പോൾ മറ്റു ചിലർ രഹസ്യമായി ചെയ്യുന്നു. ഇതുകൊണ്ട് കേൾക്കുന്നവർക്കോ സംസാരിക്കുന്നവർക്കൊ യാതൊന്നും ഗുണകരമാകുന്നില്ല.

സത്യത്തെ അളക്കുന്നതു മറ്റൊരു വ്യക്തിയുടെ അനുഭവം കൊണ്ടല്ല പിന്നെയോ ദൈവവചനത്താലാണ് എന്നു ഞാൻ വീണ്ടും ഓർമ്മിപ്പിക്കട്ടെ. വചനവുമായി പരിശോധിച്ചാൽ ഇത്തരത്തിലുള്ള ഉപദേശം വചനാടിസ്ഥാനമുള്ളതോ ദൈവത്തിൽനിന്നോ അല്ലാ പ്രത്യുത തികച്ചും മാനുഷികമത്രെ.

**എങ്ങനെ പ്രാർത്ഥിക്കണമെന്ന് നമ്മുക്ക് വ്യക്തമായ നിർദ്ദേശമുണ്ട്.**

നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചിട്ടുണ്ട്....... പരിശുദ്ധാത്മാവിൽ (യുദ. 1 : 20) എപ്പോഴും പ്രാർത്ഥിച്ചുകൊണ്ട്.......... പ്രാർത്ഥനയാലും സ്തോത്രത്തോടു കൂടി (എഫെ :6 :18) ദൈവഹിത പ്രകാരം എങ്ങനെ പ്രാർത്ഥിക്കണമെന്ന് ഗ്രഹിക്കുന്നതിലേക്ക് പരിശുദ്ധാത്മാവ് നമ്മേ നയിക്കുകയും വഴിക്കാട്ടുകയും ചെയ്യുന്നു. പ്രർത്ഥനയിൽ പൂർണ്ണ സ്ഥിരത പുലർത്തുകയും തുറന്ന ഹൃദയത്തോടും വിശുദ്ധിയോടും ജീവിതം നയിക്കുകയും പരിശുദ്ധാത്മ ശക്തിയാൽ പ്രർത്ഥിക്കുകയും ചെയ്യേണ്ടതാകുന്നു.

**മധ്യസ്ഥത വഹിക്കുന്ന പരിശുദ്ധാത്മാവ്.**

പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ചിലർ റോമർ. 8: 26b ഉദ്ധരിക്കാറുണ്ട്.......ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞെരുക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷാവാദം ചെയ്യുന്നു. ഭാഷാ പ്രാർത്ഥനയായി അനേകർ ഇതിടെ ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. ആത്മാവ് "നമുക്കുവേണ്ടി" അപേക്ഷിക്കുകയാണിവിടെ അല്ലാതെ നമ്മിലൂടെയല്ല ഉച്ചരിക്കാൻ കഴിയാത്ത ആത്മാവിന്റെ ഞരക്കം. നമ്മുടെ ജീവിതത്തിന്റെ ആഴമേറിയ അനുഭവത്തെ തൊട്ടുണർത്തുവാനും ചില ഭാരങ്ങൾ വഹിക്കുവാൻ നമ്മെ സഹായിക്കുവാനും ദൈവത്തിന്റെ പരിശുദ്ധാത്മാവിന് കഴിയും.

**മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷ.**

മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷയിൽ സംസാരിച്ചാലും എന്ന് തുടങ്ങി 1 കൊരിന്ത്യർ 13:1-ൽ പൗലൊസ് ഇത്തരക്കാർക്ക് ഒരു വിശദീകരണം നൽകുന്നുണ്ട്.

> "ദൂതന്മാർ ബുദ്ധിഹീനരായി സംസാരിക്കാറില്ല, കേൾവിക്കാരന്റെ സാധാരണ ഭാഷയിൽ അവർ സംസാരിക്കാറുണ്ട് താനും

അപ്പൊസ്തലനായ പൗലോസിന് മനുഷ്യരുടെ എല്ലാ ഭാഷയിലും സംസാരിപ്പാൻ കഴിയുമായിരുന്നില്ല അതുപൊലെ ദൂതന്മാരുടെ ഭാഷയും തനിക്ക് വശമില്ലായിരുന്നു. മലയെ മാറ്റുകയോ ശരീരം ചുടുവാൻ ഏൽപ്പിക്കുകയോ ചെയ്യുകയോ ഉണ്ടായിട്ടില്ല. സ്നേഹത്തിന്റെ പവിത്രതയും പ്രാധാന്യതയും എത്ര വലുതാണെന്ന് വെളിപ്പെടുത്തുവാനാണ് പൗലൊസ് ഇതു ചൂണ്ടിക്കാട്ടിയിട്ടുള്ളത്. "ദൂതന്മാരുടെ ഭാഷ"എന്നതു കൊണ്ടു താൻ ഉദ്ദേശിച്ചത് മനുഷ്യന് മനസ്സിലാകുന്നതും സംസാരിക്കുവാൻ കഴിയുന്നതുമായ ലളിതമായ ഭാഷയെക്കുറിച്ചാണ്. ഈ ഭൂമിയിലേക്ക് ദൂതന്മാർ ഇറങ്ങിവന്നപ്പോൾ സംസാരിച്ച ഭാഷയെക്കുറിച്ച് വിശകലനം ചെയ്താൽ ഇത് ഗ്രഹിക്കുവാൻ എളുപ്പമാണ്. വളരെയധികം വചനങ്ങൾ തെളിവായിട്ടുണ്ട്.

സെഖ്യര്യാവിനോട് ദൂതൻ സംസാരിച്ചു (ലൂക്കൊ. 1:13,) മറിയയോടു സംസാരിച്ചു(ലൂക്കൊ. 1:30, ഇടയന്മാരോട്. (ലൂക്കൊ 2:10)പത്രോസിനോട്(അപ്പൊ: 12:8) ഇങ്ങനെ ധാരാളം സന്ദർഭങ്ങളുണ്ട്. ശ്രോതാവിന്റെ സ്വന്തം ഭാഷയിലാണ് ദൂതന്മാർ സംസാരിച്ചിട്ടുള്ളത്. അല്ലാതെ ബുദ്ധിഹീനമായോ അവ്യക്തമായതോ ആയ ഒരു ഭാഷയും ദൂതന്മാർ സംസാരിച്ചിട്ടില്ല.

1 കൊരി. 13:8- ൽ ഇപ്രകാരം പൗലൊസ് തുടരുന്നു. "സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. എന്നാൽ പ്രവചനവരമോ, അതു നീങ്ങിപ്പോകും" . ഭാഷവരമോ അതുനിന്നുപോകും ,ജ്ഞാനമോ അതു നീങ്ങിപ്പോകും. അന്യഭാഷ ദൂതന്മാരുടെ ഭാഷയാണെങ്കിൽ അതെങ്ങനെ നിന്നു പോകും.? ദൂതന്മാർ സംസാരിപ്പാൻ കഴിവില്ലാത്തവരായിപോകുമോ.? പൗലോസ് ഇതല്ല യഥാർത്ഥത്തിൽ ഉദ്ധേശിച്ചത് മാത്രമല്ല വചനവും പ്രത്യുത ഉപദേശത്തെ സാധൂകരിക്കുന്നതുമില്ല.



'എന്നാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികൾ ചെയ്യുന്നതുപോലെ ജല്പനം അരുത്.
മത്താ. 6:7-13.

**ചില ഭാഷന്തരത്തിൽ "അജ്ഞാത ഭാഷ"**

പെന്തെക്കോസ്തു സഭാ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മിക്ക സഭാ വിഭാഗങ്ങളും 1 കൊരി 14 : 14 - ൽ "രഹസ്യമായുള്ള" പ്രാർത്ഥനയെക്കുറിച്ചാണ് പഠിപ്പിക്കാറുള്ളത്. "ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്ന എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു". എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ഇവിടെയും അന്യഭാഷ വിദേശഭാഷയെ കുറിക്കുന്നതാണ്. അല്ലാതെ ബുദ്ധിഹീനമായ സംസാരമല്ല.

ഒരുവൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ ആർക്കാണ് അഫലമായിരിക്കുന്നത്.? അത് കേൾക്കുന്നവർക്ക് തന്നെ. എന്തെന്നാൽ കേൾവിക്കാരന് ആ ഭാഷ മനസ്സിലാകുന്നില്ല. അതേ സമയം കേൾവിക്കാരന്റെ മാതൃഭാഷയിലായിരുന്നെങ്കിലോ? "ഒരുവൻ അന്യഭാഷയിൽ പ്രാർത്ഥിച്ചാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നത് തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും?" (1 കൊരി. 14 : 16) പഠിപ്പില്ലാത്തവരെ ഉദ്ദേശിച്ചത്രേ പറയുന്നത്. വിദ്യാഭ്യാസമില്ലാത്തവന് വിദേശ ഭാഷയിൽ പ്രാർത്ഥിക്കുന്നത് ഗ്രഹിപ്പാനാവില്ല. ഭാഷ തെളിവില്ലാത്തതിനാലല്ല, പ്രത്യുത കേൾവിക്കാരൻ വിദ്യാഭ്യാസമോ വിവരമോ ഇല്ലാത്തതു കൊണ്ടത്രെ. വിദ്യാസമ്പന്നൻ ആ പ്രാർത്ഥന സംഗ്രഹിക്കുന്നു. ആ പ്രത്യേക ഭാഷാജ്ഞാനമില്ലാത്ത വ്യക്തിക്ക് ആ പ്രാർത്ഥന മുഖാന്തരം ആത്മീയ വർദ്ധനയോ ഒന്നും തന്നെ ലഭ്യമാകുന്നില്ല.

**ജല്പനം നിർത്തുവാൻ യേശു കർത്താവ് നിർദ്ദേശിക്കുന്നു.**

യേശു പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു. മത്തായി. 6: 7-13 നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം അരുത്..........(7) 'ജല്പനം' എന്ന വാക്കിന് മൂലഭാഷയിൽ 'വിക്കി വിക്കി സംസാരിക്കുന്ന' എന്നർത്ഥമുള്ള ഒരു പദമാണ് കൊടുത്തിട്ടുള്ളത്. വ്യക്തമായും ലളിതമായും വേണം നാം പ്രാർത്ഥിക്കേണ്ടത്. വിഗ്രഹാരാധികളായ ജാതികൾ അവരുടെ പ്രാർത്ഥനകളിൽ ഒരു കാര്യം തന്നെ വീണ്ടും വീണ്ടും ആവർത്തിക്കുന്നതു കാണാം. നിങ്ങൾ അങ്ങനെ അരുതെന്നാണ് യേശു പറഞ്ഞിട്ടുള്ളത്. അന്യഭാഷയിൽ പ്രാർത്ഥിക്കുന്നവർ മേൽപ്പറഞ്ഞതുപോലെ ചെയ്യാറുണ്ട്. ഇങ്ങനെ ഉപദേശിക്കുന്നവർ വചന വിരുദ്ധമായാണ് പഠിപ്പിക്കുക.

9-ാം വാക്യത്തിൽ യേശു ഇപ്രകാരം പറഞ്ഞു 'നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ'. യേശു പ്രാർത്ഥിച്ചപ്പോൾ അപരിചിത ശബ്ദകോലാഹലം ഉണ്ടാക്കുകയോ അന്യഭാഷ പറയുകയോ ചെയ്തില്ല. തന്റെ പ്രാർത്ഥന വ്യക്തതയുള്ളതും മറ്റുള്ളവർക്ക് ഗ്രഹിക്കുവാൻ തക്കവണ്ണം ലളിതവും ആയിരുന്നു. ദൈവത്തിന് തന്റെ ജനം വ്യത്യസ്തവും വിഭിന്നവുമായ അന്യഭാഷയിൽ പ്രാർത്ഥിക്കണമായിരുന്നുവെങ്കിൽ യേശു കർത്താവിന്റെ ഉപദേശവും വ്യത്യസ്തമാകുമായിരുന്നു. ക്രിസ്തുവും പിതാവായ ദൈവവും വ്യത്യസ്ത അഭിപ്രായക്കാരല്ലായിരുന്നെന്നും അവർ ഒന്നാണെന്നും നമുക്കറിയാം.

**മാനുഷിക ദുരുപദേശത്താൽ- വഞ്ചിതരാകരുത്**

പ്രാർത്ഥനാഭാഷ (ദൂതന്മാരുടെ ഭാഷ) എന്നതിന് ബൈബിളിൽ ഉദാഹരണമോ തെളിവോ ഇല്ല. അത് സത്യത്തിന് നിരക്കുന്നതല്ല, ദൈവീകവുമല്ല. മനുഷ്യന്റെ ഉപദേശത്താൽ നാം തുടച്ചുനീക്കപ്പെടാതിരിപ്പാൻ ശ്രദ്ധിക്കുക. ക്രിസ്തുവിനെ യഥാർത്ഥമായി പിൻപറ്റിക്കൊണ്ട് തന്റെ മടങ്ങിവരവിൽ അവനെ കണ്ടുമുട്ടുവാൻ സമാധാനത്തോടെ കാത്തിരിക്കുന്നവരുമായിരിക്കുവിൻ!!!.

MWS

# 1 കൊരിന്ത്യർ 14

*ക്രിസ്ത്യനികൾ ഹർഷോന്മാദത്തിലുള്ള അപകടമായ സംസാരത്തെ തിരുവചന അടിസ്ഥാനത്തിൽ ന്യായീകരിക്കുവാൻ ശ്രമിച്ചു തുടങ്ങിത് ആധുനിക കാലഘട്ടത്തിലല്ല. അത് ക്രിസ്തു അവതരിപ്പിച്ചതല്ല, പക്ഷേ ജാതികളുടെ ഇടയിൽ നിലനിന്നു പോന്നിരുന്നതും ആയിരുന്നു. ജാതികളുടെ ഈ സമ്പ്രദായം ഇന്ന് സഭയിൽ വലിയ ആവേശവും, വ്യാജാത്മാവിന്റെ കൂടുതൽ വഷളായ ഭാവവുമാണ്. ഹർഷോന്മാത ശബ്ദം ദൈവീകവും ആത്മീയവുമായതാണ് എന്ന നിലയിൽ ഇന്ന് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന അപകടമായ പുലമ്പലും, പ്രാർത്ഥനയും ആദിമസഭയിൽ ഇല്ലാതിരുന്നതുപോലെ ഇന്നും അവ ദൈവത്തിന്റെ സഭയിൽ ഇല്ല.*



1 കൊരിന്ത്യർ 14–ൽ, അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച് ഏറെക്കുറെ ഒഴിവാക്കി പൗലൊസ്, സംസാരിച്ചത് ശരിയായി മനസ്സിലാക്കാതെ അനുവർത്തിച്ചതുകൊണ്ടാണ് കൂടുതൽ കുഴപ്പവും തെറ്റായ പഠിപ്പിക്കലും വന്നത്. പ്രധാന കുഴപ്പം വരുന്നത് മനുഷ്യനിൽനിന്നാണ്, ദൈവവചനത്തിൽ നിന്നല്ല. പെന്തക്കോസ്തുനാളിൽ ഭാഷാവരം എന്താണെന്നും, എങ്ങനെയായിരിക്കണമെന്നും ദൈവം തെളിയിച്ചു. പ്രവർത്തികൾ 2–ൽ ഉപയോഗിച്ചിരിക്കുന്ന ഗ്ലോസ്സാ (വിദേശഭാഷ) എന്ന പദം ഒരാവർത്തികൂടി 1 കൊരിന്ത്യർ 14–ൽ ഉപയോഗിച്ചിരിക്കുന്നു. പെന്തക്കൊസ്തുനാളിലെ അനുഭവം മനസ്സിലാക്കിയാൽ പൗലോസ്, കൊരിന്ത്യസഭയിൽ എന്താണ് പഠിപ്പിച്ചതെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. വിവിധ സാംസ്ക്കാരിക പശ്ചാത്തലമുള്ള ധാരാളം ജനങ്ങൾ പാർത്തിരുന്ന വിശാലമായ ഒരു തുറുമുഖ പട്ടണമായിരുന്ന കൊരിന്ത്. അവിടുത്തെ കൂട്ടായ്മയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങളെക്കുറിച്ച് പൗലോസ് നേരത്തെ തന്നെ 1 കൊരിന്ത്യർ 3:3 –ൽ നേരിട്ട് അവരോട് പറഞ്ഞിരിക്കുന്നത് “ഇന്നും നിങ്ങൾ ജഡികന്മാരല്ലേ. നിങ്ങളുടെ ഇടയിൽ ഈർഷ്യവും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപോലെ നടക്കുന്നവരുമല്ലയോ?” 1 കൊരിന്ത്യർ വിശേഷാൽ കൂട്ടായ്മയിൽ ക്രിസ്തീയ ജീവിതത്തെ കാത്തുകൊള്ളാത്ത ജഡികന്മാരായി ജീവിക്കുന്നവരെ ശാസിക്കുന്നതിനും തിരുത്തുന്നതിനും വേണ്ടിയുള്ളതാകുന്നു.

പൗലോസ് അന്യഭാഷയ്ക്ക് പുതിയ ഒരു ആചാരം പഠിപ്പിക്കാതെ അവരുടെ തെറ്റായ ആത്മസന്തോഷത്തെയും, ഭാഷാവര പ്രയോഗത്തെയും ശാസിക്കുന്നതായികാണാം.

പതിനാലാം അദ്ധ്യായം സൂഷ്മമായി പരിശോധിച്ചാൽ പൗലോസ്, അന്യഭാഷയ്ക്ക് പുതിയ ഒരു ആചാരം പഠിപ്പിക്കാതെ അവരുടെ തെറ്റായ ആത്മസന്തോഷത്തെയും, ഭാഷാവര പ്രയോഗത്തെയും ശാസിക്കുന്നതായിക്കാണാം. കൂട്ടായ്മ കലങ്ങിയതും ക്രമം തെറ്റിയതും ആയിരിക്കുന്നനേരം : ആരെങ്കിലും ഒരാൾ കൂട്ടായ്മയിൽ, മുൻപ് പഠിക്കാത്തഭാഷ, ഭാഷവരത്താൽ ശരിയായി സംസാരിക്കുവാൻ സാദ്ധ്യതയുണ്ട്, ഇവിടെ അങ്ങനെ ആകുവാൻ തരമില്ല, കാരണം ദൈവം കുഴപ്പങ്ങളുടെ ദൈവമല്ല. അതുപോലെ മറ്റ് ഭാഷകൾ അറിയാവുന്നവർ സംസാരിക്കുമ്പോൾ കേൾവിക്കാർക്ക് ആ ഭാഷ അറിയാതെ വന്നാലും ആത്മീയവർദ്ധന വരുത്തുവാൻ കഴിയാതെ വരും . ഇവർക്ക് ശരിയായ ഭാഷവരം, ദൈവം നൽകാത്തതിനാൽ, ഇല്ല. സഭയ്ക്ക് ആത്മീയ വർദ്ധനവ് വരുവാൻ പ്രവചനവരം (പ്രസംഗം) കാംക്ഷിക്കുവാനാണ് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നത്. കേൾവിക്കാരുടെ ഭാഷയിൽ ദൈവത്തിൽ നിന്നുള്ള ഒരു സന്ദേശം, പൊങ്ങച്ചം നിറഞ്ഞ അന്യഭാഷയെക്കാൾ ഗുണകരമാണ്.

1 കൊരിന്ത്യർ 14– ലെ ചില വാക്യങ്ങളും അവയുടെ അർത്ഥവും പരിഗണിക്കുമ്പോൾ – അന്യഭാഷയുടെ വ്യക്തമായ നിർവ്വചനം വിദേശഭാഷയെന്ന് വ്യക്തമായി മനസ്സിലാക്കാം. (സൂചന: ഇംഗ്ലീഷ് ബൈബിൾ “KJV യിൽ “Unknown” എന്നവാക്ക് പരിഭാഷചെയ്തവർ കൂട്ടിച്ചേർത്തതാണ്. ഇത് മൂലകൃതിയിലും മറ്റ് അനേകം പരിഭാഷകളിലും ഇല്ല.)

**(വാക്യം 2) “അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രെ സംസാരിക്കുന്നു. ആരും തിരിച്ചറിയുന്നില്ലല്ലൊ. എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു”.**

കൂടി വന്നിരിക്കുന്നവരിൽ ആരും തിരിച്ചറിയുന്നില്ലങ്കിൽ അന്യഭാഷയിൽ സംസാരിക്കുന്നവർ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നത്. വാക്യങ്ങൾ 2–3 ൽ പൗലോസ് പ്രാധാന്യം കൊടുത്തു പറയുന്നത് സഭയ്ക്ക് ആത്മീയ വർദ്ധനവിന് ഉതകുന്ന പ്രവചനത്തെ (പ്രസംഗം)ക്കുറിച്ചാകുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവർ മറ്റുള്ളവർക്ക് മനസ്സിലാകാത്തതിനാൽ തനിക്ക്മാത്രം ആത്മീകവർദ്ധനവ് വരുത്തുന്നു.

**(5) നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നും വിശേഷാൽ പ്രവചിക്കണമെന്നും ഞാൻ ഇച്ഛിക്കുന്നു. അന്യഭാഷകളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് ആത്മീയവർദ്ധന ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലങ്കിൽ പ്രവചിക്കുന്നവർ അവനെക്കാൾ വലിയവൻ. (6) ഞാൻ വെളിപ്പാടായിട്ടോ ജ്ഞാനമായിട്ടോ പ്രവചനമായിട്ടോ ഉപദേശമായിട്ടോ നിങ്ങളോട് സംസാരിക്കാതെ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്ത് പ്രയോജനം വരും? (വാക്യങ്ങൾ 12–13 കാണുക)**

എല്ലാവരും വിവിധഭാഷയിൽ സംസാരിക്കണമെന്ന് പൗലോസ് ആഗ്രഹിക്കുന്നെങ്കിലും, സഭയ്ക്ക്

ആത്മീക വർദ്ധനവ് വരുത്തുന്ന വരങ്ങൾ വാഞ്ചിക്കുവാൻ(കുഴപ്പം ഉണ്ടാക്കുന്ന അന്യഭാഷയല്ല) അവൻ ആവശ്യപ്പെടുന്നു. പരിഭാഷപ്പെടുത്തുവാൻ ആളില്ലാത്ത അന്യഭാഷക്കാരനെക്കാൾ, പ്രവാചകൻ സഭയ്ക്ക് ആത്മീയവർദ്ധനവ് വരുത്തുന്നതിനാൽ വലിയവനാണ്. വിവിധഭാഷയിൽ സംസാരിച്ചിട്ട് അത് മനസ്സിലാക്കുവാൻ സഭയിൽ ആരുമില്ലെങ്കിൽ പൗലോസിന്, എന്തുനേട്ടമാണുള്ളത്.

**(9) അതുപോലെ നിങ്ങളും നാവുകൊണ്ട് തെളിവായവാക്ക് ഉച്ചരിക്കാതിരുന്നാൽ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? നിങ്ങൾ കാറ്റിനോട് സംസാരിക്കുന്നവർ ആകുമല്ലോ. (10) ലോകത്തിൽ വിവിധഭാഷകൾ അനവധിയുണ്ട്; അവയിൽ ഒന്നും തെളിവില്ലാത്തതല്ല. (11) ഞാൻ ഭാഷ അറിയാതിരുന്നാൽ സംസാരിക്കുന്നവന് ഞാൻ ബർബ്ബരൻ ആയിരിക്കും ; സംസാരിക്കുന്നവൻ എനിക്കും ബർബ്ബരൻ ആയിരിക്കും.**

വാക്കുകൾ എത്രതന്നെ സത്യസന്ധമായിരുന്നാലും, കേൾവിക്കാർക്ക് മനസ്സിലാകുന്നില്ലെങ്കിൽ, ആ വാക്കുകൾ അന്തരീക്ഷത്തിൽ മറഞ്ഞുപോകും. ലോകത്തിൽ അനേകം ഭാഷകൾ ഉള്ളതിനെല്ലാം അർത്ഥവും ഉണ്ട്. പക്ഷേ ആ ഭാഷ നിങ്ങൾക്ക് മനസ്സിലാകുന്നില്ലെങ്കിൽ അത് അപരിഷ്കൃതം അഥവ വിദേശീയംആയിരിക്കും. പൗലൊസ് അപക്വമായ ഭാഷയിൽ സംസാരിച്ചില്ല എന്ന് വ്യക്തമാണ്, (വാക്യം 14-17 വരെയുള്ളവയെ 9-ാം പേജിൽ പ്രാർത്ഥനാ ഭാഷ നോക്കുക.)

**(22) അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല ; അവിശ്വാസികൾക്കത്രേ; പ്രവചനമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കുതന്നെ. (23) സഭയൊക്കെയും ഒരുമിച്ച് കൂടി എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ ആത്മവരമില്ലാത്തവരോ അവിശ്വാസികളോ അകത്തുവന്നാൽ നിങ്ങൾക്ക് ഭ്രാന്തുണ്ട് എന്നു പറയുകയില്ലല്ലോ?(24) എല്ലാവരും പ്രവചിക്കുന്നു എങ്കിലോ അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ എല്ലാവരുടെ വാക്കിനാലും അവനു പാപബോധം വരും; അവൻ എല്ലാവരാലും വിവേചിക്കപ്പെടും.**

ഭാഷാവരത്തിന്റെ ഉദ്ദേശം തന്നെ അവിശ്വാസികൾക്ക് ഒരു അടയാളമായി പെന്തക്കൊസ്തുനാളിലെപ്പൊലെ സുവിശേഷം കേട്ട് രക്ഷിക്കപ്പെടുവാനാണ്. ഭാഷാവരം ഉള്ളവരും വിവിധ ഭാഷകൾ അറിയാവുന്ന എല്ലാവരും ചേർന്ന് അന്യഭാഷകൾ സംസാരിക്കുമ്പോൾ അറിവില്ലാത്തവനോ (വിദേശഭാഷ മനസ്സിലാക്കുവാൻ കഴിവില്ലാത്തവൻ) അഥവാ അവിശ്വാസിയോ അകത്തുവന്നാൽ നിങ്ങൾക്ക് ഭ്രാന്തുണ്ട് എന്ന് അവിടെയുള്ള കുഴപ്പങ്ങൾ കണ്ട് പറയും. അവിശ്വാസികളുടെ മാതൃഭാഷയിൽ സംസാരിച്ചാൽ അവർ രക്ഷിക്കപ്പെടുമെന്നുള്ളതിനാൽ അവരുടെ മാതൃഭാഷയിൽ പ്രസംഗിക്കുന്നതാണ് ഉചിതം.

**വാക്യങ്ങൾ 26-28** ൽ പൗലോസ് കൂടുതലായി പറയുന്നത് ആത്മീക വർദ്ധനയ്ക്ക് പ്രയോജനപ്പെടാത്ത കുഴപ്പങ്ങൾക്ക് എതിരെയാണ്. നിങ്ങൾ അന്യഭാഷ സംസാരിക്കുന്നു എങ്കിൽ അവിടെ ആ ഭാഷ മനസ്സിലാക്കുന്നവർ ഉണ്ട് എന്ന് ഉറപ്പുവരുത്തുക. വ്യാഖ്യാനി ഇല്ലാതിരുന്നാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതിരുന്നു ദൈവത്തോട് സംസാരിക്കുകയത്രേ വേണ്ടത്. ഭാഷാവരത്തെ ശരിയായി മനസ്സിലാക്കിയാൽ 1 കൊരിന്ത്യർ 14-ാം അദ്ധ്യായത്തിൽ ജനങ്ങൾ കൊണ്ടുവന്ന കുഴപ്പങ്ങൾ ഇല്ലാതെ, അവിശ്വാസിയുടെ മാതൃഭാഷയിൽ ആത്മീയവർദ്ധനവ് വരുത്തുന്ന സംസാരമാണ്. ഗ്ലോസ്സ എന്നത് അന്നും ഇന്നും ഒരു വിദേശഭാഷയെ പ്രതിനിധീകരിക്കുന്നു അല്ലാതെ അപക്വമായ പുലമ്പൽ അല്ല. വ്യാഖ്യനത്തോടു കൂടിയ അന്യഭാഷ സഭയിൽ പറയുന്നത് വിലക്കരുത് എന്ന നിർദ്ദേശത്തോടുകൂടിയാണ് പൗലോസ് ഉപസംഹരിക്കുന്നത്.

"സകലവും ഉചിതമായും ക്രമമായും നടക്കട്ടെ" ( 1 കൊരിന്ത്യർ 14: 40) mws

**ചോദ്യവും ഉത്തരവും**

അന്യഭാഷയിൽ അപക്വമായി ഞാൻ സംസാരിച്ചാൽ, അതിന്റെ അർത്ഥം ഞാൻ രക്ഷിക്കപ്പെട്ടില്ല എന്നാണോ? ഞാൻ എന്തു ചെയ്യണം?

നമ്മുടെ ജീവിതത്തിൽ സത്യത്തിന്റെ വെളിച്ചം പ്രകാശിക്കുന്നത് ഒരുശാപം അല്ല. ശരിയായി പറഞ്ഞാൽ, നാം സത്യം സ്വീകരിക്കുമ്പോൾ, നമുക്ക് പരിശുദ്ധാത്മാവിനാൽ വലിയ സ്വാതന്ത്ര്യവും ജയവും കാണാം . തെറ്റായ ഏത് ഉപദേശവും നിഷ്ക്കളങ്കരായ ജനങ്ങളെ, അവർ ദൈവവചനം വേണ്ടതുപോലെ മനസ്സിലാക്കാത്തതിനാൽ , കുരുക്കിലാക്കുന്നു. ശത്രു കൗശലക്കാരനും വിശ്വാസ്യമല്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് അനേകരെ കെണിയിലും ആക്കിയിട്ടുണ്ട്.

ദൈവമുമ്പാകെ നിങ്ങളുടെ ജീവിതത്തെ പരിശോധിക്കുക. നിങ്ങൾ പാപമില്ലാതെയാണോ ജീവിക്കുന്നത് അതോ ഇപ്പോഴും ജഡത്തിന്റെ പ്രവർത്തികളാണോ ചെയ്യുന്നത്? നിങ്ങളുടെ ജീവിതത്തിൽ പാപം ഉണ്ടെങ്കിൽ നിങ്ങൾക്ക് മാനസാന്തരം ആവശ്യമുണ്ട്. നിങ്ങൾ ഗ്ലോസ്സോലലിയ പരിശീലിക്കുകയോ അന്യഭാഷയിൽ പ്രാർത്ഥിക്കുകയോ ചെയ്താലും നിങ്ങൾ, പാപത്തിലാണെങ്കിൽ, ഉടൻ ദൈവീക വിടുതൽ അന്വേഷിക്കണം. സത്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ നിങ്ങൾക്ക് പാപമായി കണക്കിടുന്നില്ല; എന്നാൽ സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നിങ്ങൾ കണക്ക്ബോധിപ്പിക്കേണ്ടവർ ആകും. ദൈവീകമല്ലാത്ത ഇത്തരം പരിശീലനങ്ങൾ ലാഘവത്തോടെ കാണുന്നവർക്ക് അയ്യോ കഷ്ടം.

ഇങ്ങനെയുള്ള ശീലങ്ങളിൽ നിന്ന് അഥവ ആവേശം കൊള്ളിക്കുന്ന ആത്മാവിൽനിന്ന് സ്വാതന്ത്ര്യം പ്രാപിക്കുവാൻ ദൈവത്തോട് യാചിക്കുക ദൈവം നിങ്ങളോട് ക്ഷമിച്ച് ഏത് ആത്മാവിൽനിന്നും നിങ്ങളെ വിടുവിക്കും. ഐക്യമത്യത്തോടുകൂടിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ട് ആ പ്രാർത്ഥനയ്ക്ക് മറ്റാരെയെങ്കിലും ഭാഷാവരത്തിന്റെ തെറ്റായ ആത്മാവിൽ ആയിപ്പോയാൽ അവർക്കും സഹായമായിത്തീരും.

ഇങ്ങനെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നവരുടെ സ്വാധീനത്തിൽ നിന്ന് നമ്മെതന്നെ വിടുവിക്കുവാൻ അവരോടൊത്തുള്ള ആരാധന എത്രയും വേഗം നിർത്തുന്നത് ബുദ്ധിയായിരിക്കും. സത്യത്തിൽ നീതിയോടെ ജീവിക്കുന്നവരുമായി കൂട്ടായ്മയിൽ തുടരുക.

ദൈവം നിങ്ങൾക്ക് ജ്ഞാനവും, യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വിടുതലും, പരിശുദ്ധാത്മാവിന്റെ ശക്തിയും നൽകട്ടെ. ആമേൻ MWS

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ഹർഷോന്മാദത്താൽ സംസാരിക്കുന്നതും, അതിന്റെ വ്യാഖ്യാനവും, പെന്തെക്കോസ്തുനാളിനു മുൻമ്പേ ഉണ്ടായിരുന്നതും, അക്രൈസ്തവ ഉറവിടവും ഉള്ളതാണ്. ഹർഷോന്മാദത്തിലെ അപക്വമായ ശബ്ദം. പൗരാണിക ജാതീയമതങ്ങളിലും, ആധുനിക കാലഘട്ടത്തിൽ ഇതിന് സമാനമായ ശബ്ദം ക്രിസ്തീയ കരിസ്മാറ്റിക്ക് സഭകളിലും കണ്ടുവരുന്നു.

ഇത് ലോകത്തിലുള്ള  മതങ്ങളിലും രാജ്യങ്ങളിലും കണ്ടുവരുന്നു. കത്തോലിക്കരുടെയും, ബുദ്ധസന്യാസിമാരുടെയും, എത്യോപ്യയിലെ ഷമാൻമതം(പ്രേതത്തിൽ വിശ്വസിക്കുന്നവർ), ഹിത്യന്മാരുടെ വൂഡൂമതം (ദുർമന്ത്രവാദികൾ) മുതലായവരുടെ ഇടയിലും കണ്ട് വരുന്നു. കൂടാതെ ജപ്പാനിലെ സെയിയാൻസ് (പരേതാത്മാക്കളുമായി സമ്പർക്കം ചെയ്യുന്നവർ) ആഫ്രിക്കയിലെ ഗോത്രവർഗ്ഗക്കാർ മുതലായവരിലും കണ്ടുവരുന്നു.

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# ആഴത്തിലേക്കു നീക്കുക

*"ആഴത്തിലേയ്ക്ക് നീക്കി, മീൻ പിടുത്തത്തിന് വല ഇറക്കുവിൻ"*
ലൂക്കോസ് 5:4

ക്രിസ്തുവിന്റെ ശിക്ഷ്യന്മാർ രാത്രി മുഴുവൻ അദ്ധ്വാനിച്ചു. വിദഗ്ദ്ധന്മരായ ഈ മുക്കുവന്മാർക്ക് അവരുടെ അദ്ധ്വാനത്തിന് തക്കതായി ഒന്നും ലഭിക്കാതെ പരാജയപ്പെട്ടു. യേശു അവരോട് "ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിനുവേണ്ടി വലയിറക്കുവാൻ പറഞ്ഞു."

മറ്റുള്ളവരെപ്പോലെ ചെറിയ അധികാരപരിധിയിൽ നിന്നുകൊണ്ട്  പലപ്പോഴും നാം മീൻ പിടിക്കുന്നു അഥവ കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നു. ഇത് ഒരു പക്ഷേ സുഖകരമായ ഒരു സ്ഥലം ഈയിരുന്നാലും അനുഗ്രഹങ്ങൾ ചെറിയതും, പിടിക്കുന്നത് കുറവും ചിലപ്പോൾ ഒന്നും ഇല്ലാതെയും വരും. ശിഷ്യന്മാരെപ്പോലെ രാത്രിമുഴുവനും പുരോഗതിയില്ലാതെ അദ്ധ്വാനിച്ച് കൊണ്ടിരിക്കാനും സാദ്ധ്യത ഉണ്ടാകാം



യേശു വചനം നൽകുമ്പോൾ വിശ്വാസത്താൽ ആഴത്തിലേയ്ക്ക് ഇറക്കുവാൻ ഭയപ്പെടരുത്. പുതിയ വയലുകളിലേക്ക് സുവിശേഷം ആവശ്യമുള്ളവരുടെ അടുത്തേയ്ക്ക് പോകുക. നിങ്ങൾ നിശബ്ദമാകുന്ന സ്ഥലത്ത് ദൈവത്തെ പുകഴ്ത്തുക: നിങ്ങൾ സ്വന്തം കാര്യം മാത്രം ചിന്തിക്കുന്നയിടത്ത് മറ്റുള്ളവരെ സേവിക്കുക. മാറ്റം ചെറുതോ സമൂലമോ ആകാം, പക്ഷേ കർത്താവിനെ അനുസരിക്കുക.

ഒരിക്കലും പിടിക്കുവാൻ കഴിയാത്ത മത്സ്യവും, ചെയ്തു തീർക്കുവാൻ കഴിയാത്ത ജോലിയുമുണ്ട്. നമുക്ക് അതിനെക്കുറിച്ച് പ്രാർത്ഥിക്കുകയും സംസാരിക്കുകയും ചെയ്യാം. എന്നാൽ നാം ആഴത്തിലേക്ക് നീക്കി വലയിറക്കുന്നതുവരെ അത് പിടിക്കുവാൻ കഴിയുകയില്ല. നാം ദൈവത്തെ പരിമിതപ്പെടുത്താതെ അവിടുത്തെ ഹിതം അനുസരിച്ച് മുന്നേറാം. ദൈവത്തിൽ ഏൽപ്പിക്കുമ്പോൾ വലിയ അനുഗ്രഹവും ശക്തിയും, അഭിഷേകവും, മഹത്വവും, പുതിയ ആത്മാക്കളും ആയിരിക്കും ഫലം.

MWS



Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**